**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 444** 21.10.2016 ൽ മറുപടിയ്ക്ക്

**"പ്രാദേശിക കാർഷിക വിപണികൾ"**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രാദേശികമായ കാർഷിക വിപണികൾ ലേല മാർക്കറ്റുകളായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) അത്തരം മാർക്കറ്റുകൾക്ക് ആവശ്യമായ സഹായം നല്കാൻ തയാറാകുമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആറ് മൊത്ത വ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് നേരിട്ടുതന്നെ ആവശ്യക്കാർക്ക് കാർഷികോത്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് വേണ്ട സഹായങ്ങൾ ' നൽകി വരുന്നുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ - യുടെ സ്വാശ്രയ വിപണികളിലും കർഷകരുടെ ഉല്പന്നങ്ങൾ ലേലം ചെയ്ത് വില്ക്കപ്പെടുന്നു. |
| (സി) ഗ്രാമീണ ചന്തകൾ പുനരുജ്ജീവിപ്പിക്കാൻ നടപടിയെടുക്കുമോ; ഇതിന് വേണ്ട നിർദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുമോ;<br><br>(ഡി) കാർഷിക കൂട്ടായ്മകളെ സംഘടിപ്പിച്ച് ഇക്കാര്യത്തിൽ പ്രോത്സാഹനം നൽകുമോ; വിശദമാക്കുമോ? | (സി) യും (ഡി) യും | ഗ്രാമങ്ങളിലും നഗരങ്ങളിലും ഉടനീളം കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് വിപണനത്തിന് പ്രേരിപ്പിക്കുന്നുണ്ട്. പച്ചക്കറി കൃഷിയിൽ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിച്ചുവരുന്ന ക്ലസ്റ്ററുകൾ നല്ല രീതിയിലുള്ള വിപണനം നടത്തിവരുന്നു |

സെക്ഷൻ ഓഫീസർ